# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 25.09.2025**

### പ്രധാനവാർത്തകൾ

1) ജിഎസ്ടി പരിഷ്ക്കരണത്തിലൂടെ അവശ്യവസ്തുക്കളുടെ വിലകുറഞ്ഞത് ഗാർഹിക ചെലവുകൾ ഗണ്യമായി കുറച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

2) ഇന്ത്യൻ വ്യോമസേനയ്ക്കായി 97 Mk1A യുദ്ധവിമാനങ്ങൾ വാങ്ങാനൊരുങ്ങി പ്രതിരോധ മന്ത്രാലയം.

3) ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾ ഏറ്റെടുക്കുന്നതിൽ കേരളം ദേശീയ ശരാശരിയേക്കാൾ മുന്നിലാണെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി

4) സംസ്ഥാന സർക്കാരിൻറെ വയോസേവന അവാർഡുകൾ പ്രഖ്യാപിച്ചു. മലയാളത്തിൻറെ നിത്യഹരിത നായിക ഷീലയ്ക്കും, പ്രശസ്ത ഗായിക പി കെ മേദിനിയ്ക്കും ആജീവനാന്ത സംഭാവനയ്ക്കുള്ള പുരസ്ക്കാരം

5) സംസ്ഥാനത്ത് ശക്തമായ മഴ തുടരും. പത്തനംതിട്ട , ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത .

6) ഏഷ്യാ കപ്പ് 20-ട്വന്റി ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ ബംഗ്ലാദേശിനെ നേരിടും.

******************

RNU TVPM

## പി എം-രാജസ്ഥാൻ (ഇൻട്രോ)

ജിഎസ്ടി പരിഷ്ക്കരണത്തിലൂടെ അവശ്യവസ്തുക്കളുടെ വിലകുറഞ്ഞത് ഗാർഹിക ചെലവുകൾ ഗണ്യമായി കുറയാൻ ഇടയാക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഇതിൻറെ ഗുണഫലങ്ങൾ ലഭിക്കുന്നതോടൊപ്പം, കുടുംബങ്ങളുടെ സമ്പാദ്യം മെച്ചപ്പെടാനും പരിഷ്കരണം സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. രാജസ്ഥാനിലെ ബൻസ്വരയിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി . ആത്മനിർഭർ ഭാരത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി, സ്വദേശി ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കാനും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു .

(വോയിസ് പിഎം)

******************

## ഫുഡ് ഇന്ത്യ

വേൾഡ് ഫുഡ് ഇന്ത്യ 2025 പ്രദർശനം പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ അൽപസമയം മുൻപ് ഉദ്ഘാടനം ചെയ്തു. ഭാരത് മണ്ഡപത്തിൽ നടക്കുന്ന നാല് ദിവസത്തെ പ്രദർശനത്തിൽ 21-ലധികം രാജ്യങ്ങൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. ഭക്ഷ്യ സംസ്കരണ മേഖലയിലെ 26,000 സംരംഭകർക്ക്, 770 കോടി രൂപയുടെ വായ്പാ സഹായവും പ്രധാനമന്ത്രി ചടങ്ങിൽ വിതരണം ചെയ്തു.

******************

## പ്രതിരോധ മന്ത്രാലയം

ഇന്ത്യൻ വ്യോമസേനയ്ക്കായി 97 Mk1A യുദ്ധവിമാനങ്ങൾ വാങ്ങാനൊരുങ്ങി പ്രതിരോധ മന്ത്രാലയം. ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡിൽ നിന്നും 62,000 കോടി രൂപയ്ക്ക് ഇവ സംഭരിക്കുന്നതിനുള്ള ധാരണാപത്രത്തിൽ മന്ത്രാലയം ഒപ്പുവച്ചു. 2027-28 മുതലുള്ള ആറ് വർഷ കാലയളവിലാണ് യുദ്ധവിമാനങ്ങൾ വ്യോമസേനയുടെ ഭാഗമാവുക. ആത്മനിർഭർ

RJUTVPM

ഭാരത് എന്ന കേന്ദ്ര സർക്കാരിൻറെ ലക്ഷ്യത്തിന് തീരുമാനം കൂടുതൽ ശക്തിപകരും.

******************

## ശൂന്യ ഇ.വി. കോൺക്ലേവ്

ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾ ഏറ്റെടുക്കുന്നതിൽ കേരളം ദേശീയ ശരാശരിയേക്കാൾ മുന്നിലെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി. ഈ വിഭാഗത്തിൽ കേരളത്തിൽ 41.9 ശതമാനം വാഹനങ്ങൾ നിലവിൽ ഉപയോഗത്തിലുണ്ടെന്നും ഇത് ദേശീയ ശരാശരിയുടെ ഇരട്ടിയാണെന്നും മന്ത്രി പറഞ്ഞു. 2050-ഓടെ കേരളത്തെ കാർബൺ ന്യൂട്രൽ ആക്കുക ലക്ഷ്യമിട്ട് നീതി ആയോഗും കെ.എസ്.ഇ.ബി.യും സംയുക്തമായി സംഘടിപ്പിച്ച ശൂന്യ ഇ.വി. കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

******************

RNU TVPM

## പാലിയേക്കര ടോൾ

തൃശൂർ പാലിയേക്കര ടോൾ പ്ലാസയിൽ ടോൾ പിരിവ് നിർത്തിവച്ച നടപടി ദീർഘിപ്പിച്ച് കേരളാ ഹൈക്കോടതി. ദേശീയ പാത 544 ലെ നിർമ്മാണ പ്രവർത്തികൾ സംബന്ധിച്ച് റിപ്പോർട്ട് നല്കാൻ ദേശീയ പാത അതോറിറ്റിയോട് ഹൈക്കോടതി നിർദ്ദേശിച്ചു.

******************

## മന്ത്രി ആർബിന്ദു

സംസ്ഥാന സർക്കാരിൻറെ ഈ വർഷത്തെ വയോസേവന അവാർഡുകൾ മന്ത്രി ആർ ബിന്ദു പ്രഖ്യാപിച്ചു. മലയാളത്തിൻറെ നിത്യഹരിത നായിക ഷീലയ്ക്കും, പ്രശസ്ത ഗായിക പി കെ മേദിനിയ്ക്കുമാണ് ആജീവനാന്ത സംഭാവനയ്ക്കുള്ള പുരസ്ക്കാരം . ഒരു ലക്ഷം രൂപ വീതമാണ് പുരസ്കാരത്തുക. .

******************

## സേവ പർവ് - ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ , പ്രതിരോധ മേഖലയിലെ ഉത്പാദനം ശക്തിപ്പെടുത്തി, ഇന്ത്യയെ സ്വയംപര്യാപ്ത രാഷ്ട്രമാക്കി മാറ്റിയതിനെകുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്...

(ഹോൾഡ്)

******************

## സ്വച്ഛത ഹി സേവാ

സ്വച്ഛത ഹി സേവാ ക്യാമ്പയിൻറെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ സ്വച്ഛ് ഉത്സവ് സംഘടിപ്പിച്ചു. ശ്രമദാന പ്രവർത്തനങ്ങളുടെ ഭാഗമായി ആകാശവാണി നിലയവും, അങ്കണവും ശുചീകരിച്ചു. സ്വച്ഛത ഹി സേവാ ക്യാമ്പയിൻറെ ഭാഗമായി കഴക്കൂട്ടം സൈനിക സ്കൂളിൽ ഇന്ന് ഏക് ദിൻ, ഏക് ഘണ്ഡ, ഏക് സാത്ത് ശുചീകരണ പരിപാടി നടന്നു.

PIU TVPM

******************

## ഗവർണ്ണർ -നവരാത്രി

നവരാത്രി സർഗ്ഗോത്സവത്തിൻ്റെ ഭാഗമായുള്ള സാംസ്കാരിക സമ്മേളനം കേരള ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ കോഴിക്കോട് കേസരി ഭവനിൽ ഉദ്ഘാടനം ചെയ്തു. കേരളത്തിൻറേത് മികച്ച സംസ്കാരമാണെന്നും ആദി ശങ്കരാചാര്യരുടെ മണ്ണാണ് കേരളമെന്നും ഗവർണർ ചടങ്ങിൽ പറഞ്ഞു.

******************

## ഡി രാജ

സിപിഐ ജനറൽ സെക്രട്ടറിയായി ഡി രാജ തുടരും. ചണ്ഡീഗഡിൽ നടക്കുന്ന 25-ാമത് പാർട്ടി കോൺഗ്രസ്സാണ് തീരുമാനം കൈക്കൊണ്ടത്. മൂന്നാം തവണയാണ് ഡി രാജ സിപിഐ ജനറൽ സെക്രട്ടറി സ്ഥാനത്തെത്തുന്നത്.

******************

## മന്ത്രി എം. ബി. രാജേഷ്

കക്കൂസ് മാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാവുന്ന തരത്തിലുള്ള മാലിന്യ നിർമാർജ്ജന സംസ്കാരത്തിലേക്കാണ് ഇന്ന് കേരളം എത്തിയിരിക്കുന്നതെന്ന് മന്ത്രി എം. ബി. രാജേഷ് പറഞ്ഞു. പാലക്കാട് വണ്ടാഴി ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയ മാലിന്യ സംസ്കരണ പ്ലാൻറ്, ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കുടിവെള്ളത്തിൽ മനുഷ്യ വിസർജനത്തിൽ നിന്നുമുള്ള ബാക്റ്റീരിയ കലരുന്ന സാഹചര്യം ഒഴിവാക്കാൻ, കേരളത്തിൽ എല്ലായിടത്തും കക്കൂസ് മാലിന്യ സംസ്കരണ പ്ലാൻററുകൾ സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു.

******************

## മിൽമ

മിൽമയിലെ സ്ഥിരനിയമനങ്ങളിൽ ക്ഷീരകർഷകരുടെ ആശ്രിതർക്ക് സംവരണം ഏർപ്പെടുത്താൻ അനുമതി നൽകി സർക്കാർ ഉത്തരവ് പുറത്തിറക്കി. മിൽമയുടെ
മലബാർ, എറണാകുളം, തിരുവനന്തപുരം യൂണിയനുകളിലെ സ്ഥിര നിയമനങ്ങളിലാണ് സംവരണം പ്രാബല്യത്തിൽ വരുക.

RNU TVPM

******************

## ഫോറസ്റ്റ് ബീറ്റ് അസിസ്റ്റൻ്റ്

സംസ്ഥാന വനം വകുപ്പിലെ ഫോറസ്റ്റ് വാച്ചർ തസ്തികയുടെ പേര് "ഫോറസ്റ്റ് ബീറ്റ് അസിസ്റ്റൻ്റ്" എന്ന് പുനഃനാമകരണം ചെയ്ത് സർക്കാർ ഉത്തരവായി. റിസർവ് വാച്ചർ -ഡിപ്പോ വാച്ചർ തുടങ്ങി എല്ലാ വാച്ചർ തസ്തികയും ഉത്തരവിൻറെ പരിധിയിൽ വരും.

******************

## തിരുവോണം ബമ്പർ നറുക്കെടുപ്പ്

കേരള ഭാഗ്യക്കുറി തിരുവോണം ബമ്പറിൻറെ നറുക്കെടുപ്പ് മറ്റെന്നാൾ ഉച്ചയ്ക്ക് രണ്ട് മണിക്ക് നടക്കും. ധനമന്ത്രി കെ.എൻ. ബാലഗോപാൽ തിരുവനന്തപുരത്ത് നറുക്കെടുപ്പ് ഉദ്ഘാടനം

ചെയ്യും. പൊതുജനങ്ങൾക്ക് നറുക്കെടുപ്പിന് തൊട്ടു മുൻപു വരെ ടിക്കറ്റുകൾ വാങ്ങാവുന്നതാണ്.

******************

## മഴ

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരും. പത്തനംതിട്ട , ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. എട്ട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

******************

## ഏഷ്യാ കപ്പ്

ഏഷ്യാ കപ്പ് 20-ട്വന്റി ക്രിക്കറ്റിൽ പാകിസ്ഥാൻ അൽപസമയത്തിനകം ബംഗ്ലാദേശിനെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 നാണ് മത്സരം. ടോസ് നേടിയ ബംഗ്ലാദേശ് ബൗളിംഗ് തിരഞ്ഞെടുത്തു. ഇന്നത്തെ മത്സര വിജയികളായിരിക്കും ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ഇന്ത്യയെ നേരിടുക.

RNU TVPM

******************

## സുബ്രതോ കപ്പ്

സുബ്രതോ കപ്പ് സ്കൂൾ ഫുട്ബോൾ ടൂർണമെൻറിൽ കേരളം ചാമ്പ്യൻമാർ. കിരീടപ്പോരാട്ടത്തിൽ കേരളം ഉത്തരാഖണ്ഡിനെ ഏകപക്ഷീയമായ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി. ന്യൂഡൽഹിയിൽ നടന്ന മത്സരത്തിൽ കോഴിക്കോട് ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂളാണ് കേരളത്തെ പ്രതിനിധീകരിച്ചത്.

******************

## ഓഹരി+ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 556 പോയിൻറ് നഷ്ടത്തിൽ 81,160ലും, നിഫ്റ്റി 166 പോയിൻറ് നഷ്ടത്തിൽ 24,891ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. പവന് 680 രൂപ കുറഞ്ഞ് 83,920 രൂപയും ഗ്രാമിന് 85 രൂപ കുറഞ്ഞ് 10,490 രൂപയുമാണ് ഇന്നത്തെ വില.

******************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 126-ാ◌ം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശൻറെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും മൻ കി ബാത്തിലേക്ക് ആശയങ്ങൾ അറിയിക്കാനുള്ള സമയ പരിധി നാളെ അവസാനിക്കും.

RIJU TVPM

******************

## സേവാ പഖ്‌വാഡ

ഗാന്ധി ജയന്തി ദിനം വരെ നീളുന്ന സേവാ പഖ്‌വാഡയുടെ ഭാഗമായി കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയം 91 രാജ്യങ്ങളിലെ 150 ലധികം സ്ഥലങ്ങളിൽ വിക്സിത് ഭാരത് റൺ സംഘടിപ്പിക്കുന്നു. രാഷ്ട്രനിർമ്മാണത്തിനായുള്ള കൂട്ടായ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുകയാണ് സംരംഭത്തിൻറെ ലക്ഷ്യം.

******************

## <u>സ്വച്ഛതാ- കോഴിക്കോട്</u>

സ്വച്ഛതാ ഹി സേവ ക്യാമ്പയിൻറെ ഭാഗമായി ശുചിത്വ മിഷൻറെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിൽ 4,739 കേന്ദ്രങ്ങളിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. 845 സ്കൂളുകൾ, 2,106 അങ്കണവാടികൾ, ഉൾപ്പെടെയുള്ള സ്ഥലങ്ങളിലാണ് ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്.

******************

*********

***

RNU TVPM